**കേരള സർക്കാർ**

നം.720/ഡി സി.1/18/ തസ്വഭവ

തദ്ദേശ സ്വയം ഭരണ (ഡി സി ) വകുപ്പ്
തിരുവനന്തപുരം,തീയതി : 25.05.2018.

**<u>സർക്കുലർ</u>**

വിഷയം: തദ്ദേശസ്വയംഭരണ വകുപ്പ് - ആരോഗ്യ ജാഗ്രത - പകർച്ചവ്യാധി പ്രതിരോധ യജ്ഞം 2018 - തദ്ദേശ സ്വയംഭരണ സ്ഥാപനത്തലത്തിൽ സ്വീകരിക്കേണ്ട അടിയന്തിര നടപടികൾ സംബന്ധിച്ച്

സൂചന : 1) 22.01.2018 ലെ 17/DC1/2018/തസ്വഭവ നമ്പർ സർക്കുലർ
2) 28.04.2018 ലെ 233/DC1/2018/തസ്വഭവ നമ്പർ സർക്കുലർ

സംസ്ഥാനത്ത് 2018 വർഷത്തിൽ പകർച്ച വ്യാധികൾ പടർന്നു പിടിക്കാതിരിക്കാനുള്ള പ്രതിരോധപ്രവർത്തനങ്ങൾ മുൻകൂട്ടി ആസൂത്രണം ചെയ്യുന്നതിന് ആരോഗ്യ വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും സംയുക്തമായി ബന്ധപ്പെട്ട ഇതര വകുപ്പുകളുടേയും ഏജൻസികളുടേയും മിഷനുകളുടേയും നേതൃത്വത്തിൽ ബഹുജന പ്രസ്ഥാനങ്ങളെ ഏകോപിപ്പിച്ച് ആരോഗ്യ ജാഗ്രത കാമ്പയിൻ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിലേക്കു വേണ്ട വിശദമായ മാർഗ നിർദ്ദേശം സൂചന (1) പ്രകാരം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഫീൽഡ് തല ഉദ്യോഗസ്ഥന്മാരും സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് സൂചന (2) പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. പകർച്ച വ്യാധി പ്രതിരോധ - നിയന്ത്രണവുമായി ബന്ധപ്പെട്ട് ആരോഗ്യ ജാഗ്രത പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ ആരംഭിച്ചിട്ടുണ്ട് എങ്കിലും മഴക്കാലമെത്തിയതോടെ പകർച്ച വ്യാധികൾ വിവിധ ഇടങ്ങളിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ താഴെ പറയുന്ന നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ അടിയന്തിരമായി സ്വീകരിക്കേണ്ടതും അതിന്റെ പ്രതിദിന പുരോഗതി പഞ്ചായത്ത് ഡയറക്ടറും, നഗരകാര്യ ഡയറക്ടറും മോണിറ്റർ ചെയ്ത് സർക്കാരിൽ ഇ-മെയൽ വഴി അറിയിക്കേണ്ടതും, അവരവരുടെ വെബ്സൈറ്റിൽ ദിവസംതോറും പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.

1. വാർഡ് തല ശുചിത്വ സ്ക്വാഡുകൾക്ക് പരാമർശം (1) പ്രകാരം നിശ്ചയിച്ച് നൽകിയിട്ടുള്ള ചുമതലകൾ കൃത്യമായി പാലിച്ചിട്ടുണ്ട് എന്ന് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവികൾ ഉറപ്പ് വരുത്തേണ്ടതാണ്.

2. ശുചിത്വ സ്ക്വാഡുകൾ വീടുകൾ സ്ഥാപനങ്ങൾ എന്നിവയുടെ പരിസരം സന്ദർശിച്ച് കൊതുകിന് മുട്ടയിട്ട് പെരുകുവാനുള്ള സാഹചര്യം സൃഷ്ടിക്കുന്ന എല്ലാ വസ്തുക്കളും അടിയന്തിരമായി നീക്കം ചെയ്യേണ്ടതാണ്.

3. ആൾതാമസം ഇല്ലാതെ പരിസരം വൃത്തിഹീനമായി കാടുകയറി കിടക്കുന്ന വീടുകളുടെയും കാടുകയറി കിടക്കുന്ന പറമ്പുകളുടെയും ഉടമകളെ വിവരം അറിയിക്കുകയും അത് വൃത്തിയാക്കാനുള്ള നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടില്ലെങ്കിൽ ഇക്കാര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവി അടിയന്തിര നടപടി കൈക്കൊള്ളേണ്ടതുമാണ്.

4. വീടുകളുടെ / സ്ഥാപനങ്ങളുടെ ടെറസ്, സൺഷേഡ്, മുതലായവയിലും ടോയ് ലെറ്റ് സീറ്റുകളിലും വെള്ളം കെട്ടി നിന്ന് കൊതുക് മുട്ടയിടുന്ന സാഹചര്യം ഒഴിവാക്കുന്നതിനും ആവർത്തിച്ച് പൊതുജനാരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന സ്ഥാപനങ്ങളുടേയും, വീടുകളുടേയും വിവരങ്ങൾ പൊതുജന മധ്യത്തിൽ പ്രദർശിപ്പിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

5. പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിനായി മതമേലധ്യക്ഷൻമാർ, അമ്പല കമ്മറ്റി അംഗങ്ങൾ, കരയോഗ പ്രതിനിധികൾ, ലയൺസ്, റോട്ടറി സംഘടനാ പ്രതിനിധികൾ, വ്യാപാര വ്യവസായ സംഘടനാ പ്രതിനിധികൾ, സ്വകാര്യ സ്ഥാപന പ്രതിനിധികൾ, റസിഡൻസ് അസോസിയേഷനുകൾ തുടങ്ങിയവരുടെ യോഗം അതാതു സ്ഥലങ്ങളിൽ അടിയന്തിരമായി വിളിച്ചു ചേർത്ത് ആരോഗ്യ ജാഗ്രതാ പ്രവർത്തനങ്ങൾ ചർച്ച ചെയ്യുകയും അവരുടെ പങ്കാളിത്തം പ്രസ്തുത പ്രവർത്തനങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപന മേധാവികൾ ഉറപ്പുവരുത്തേണ്ടതാണ്.

6. നഗര / ഗ്രാമ പ്രദേശങ്ങളിൽ പൊതുസ്ഥലങ്ങളിൽ മാലിന്യങ്ങൾ കുന്നുകൂടി കിടക്കുന്ന സ്ഥലങ്ങൾ ഉണ്ടെങ്കിൽ ആയത് കണ്ടെത്തി അടിയന്തിരമായി മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതാണ്.

7. നഗര / ഗ്രാമ പ്രദേശങ്ങളിലെ ഓടകൾ അടിയന്തിരമായി വൃത്തിയാക്കി കൊതുക മുട്ടയിട്ട് പെരുകുന്നതിനുള്ള സാഹചര്യം ഒഴിവാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കേണ്ടതാണ്.

8. വാർഡുകളും വീടുകളും കേന്ദ്രീകരിച്ച് ശുചിത്വ സ്ക്വാഡുകൾ നടത്തിയ ശുചീകരണ പ്രവർത്തനങ്ങളുടെ സ്ഥിതി വിവര കണക്ക് (വാർഡുകളുടെ എണ്ണം, വാർഡ് തലത്തിൽ പരിശോധിച്ച വീടുകളുടെ എണ്ണം മുതലായവ ഉൾപ്പെടുത്തി) വകുപ്പ് മേധാവി, ജില്ലാ / മേഖല മേധാവി വഴി ശേഖരിച്ച് ഒരാഴ്ചയ്ക്കകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

9. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അതാത് സ്ഥലത്ത് റിപ്പോർട്ട് ചെയ്യുന്ന ഓരോ പകർച്ചവ്യാധിയുടെയും ഹോട്ട് സ്പോട്ടുകൾ (പകർച്ച വ്യാധി കൂടുതലായി പടർന്നു പിടിക്കാൻ സാധ്യതയുള്ള സ്ഥലങ്ങൾ) കണ്ടെത്തി ആക്ഷൻ പ്ലാൻ തയാറാക്കി ആയതു പ്രകാരമുള്ള നടപടി സ്വീകരിച്ച് ആക്ഷൻ ടേക്കൺ റിപ്പോർട്ട് അതാത് തദ്ദേശസ്വയംഭരണ സ്ഥപാന സെക്രട്ടറിമാർ ദിവസേന ജില്ലാ / മേഖല മേധാവികൾക്ക് സമർപ്പിക്കേണ്ടതും ആഴ്ചയിൽ ഒരിക്കൽ ജില്ലാ / മേഖല മേധാവി സമാഹൃത റിപ്പോർട്ട് വകുപ്പ് മേധാവിക്ക് ലഭ്യമാക്കേണ്ടതുമാണ്

10. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനപരിധിയിലും വിവിധ ഇനം പകർച്ചവ്യാധികൾ ബാധിച്ച് ചികിത്സ തേടിയവരുടെ വിശദാംശങ്ങൾ അതാത് തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ ആരോഗ്യകുടുംബക്ഷേമ വകുപ്പിന്റെ സ്ഥപനങ്ങളുമായി ബന്ധപ്പെട്ട് (Hospital / IDSP) ശേഖരിച്ച് പ്രതിദിനം ബന്ധപ്പെട്ട വകുപ്പ് അദ്ധ്യക്ഷൻമാർക്ക് (പഞ്ചായത്ത് ഡയറക്ടർ / നഗരകാര്യ ഡയറക്ടർ) ജില്ലാ / മേഖലാ മേധാവികൾ മുഖേന ഇ-മെയിൽ വഴി ലഭ്യമാക്കേണ്ടതാണ്.

11. അന്യസംസ്ഥാന തൊഴിലാളികളുടെ താമസസ്ഥലങ്ങൾ കൃത്യമായി പരിശോധിച്ച് ആരോഗ്യജാഗ്രത നിർദ്ദേശങ്ങൾ നൽകേണ്ടതും, പകർച്ചവ്യാധിക്ക് കാരണമാകുന്ന സാഹചര്യങ്ങൾ ഇല്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

12. അടിയന്തിരസാഹചര്യം നേരിടാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരും, ആരോഗ്യവിഭാഗം ജീവനക്കാരും പൂർണ്ണമായും സജ്ജരായിരിക്കേണ്ടതും അടിയന്തര സാഹചര്യങ്ങളിലല്ലാതെ വരുന്ന മൂന്നുമാസത്തേക്ക് അവധി അനുവദിക്കുവാൻ പാടില്ലാത്തതുമാണ്.

13. ജില്ലാ കളക്ടർ / തദ്ദേശസ്വയംഭരണ സ്ഥാപന മേധാവികൾ തോട്ടം മേഖലയിലും തീരദേശ മേഖലയിലും ആളുകൾ തിങ്ങിപാർക്കുന്ന കോളനികളിലും കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതും പകർച്ചവ്യാധികൾ പിടിപെടാനുള്ള സാഹചര്യങ്ങൾ ഇല്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

14. മഴക്കാലത്ത് കെട്ടികിടക്കുന്ന വെള്ളം പമ്പ് ചെയ്ത് മാറ്റുന്നതിനുള്ള മോട്ടർ അടക്കമുള്ള ഉപകരണങ്ങൾ, കൊതുക് നശീകരണത്തിനുള്ള ഫോഗിംഗ് മെഷീൻ മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവ പ്രവർത്തനക്ഷമമാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്. കൊതുക് നിവാരണത്തിനും പകർച്ചവ്യാധി തടയുന്നതിനും ആവശ്യമായ വസ്തുകൾ ആവശ്യത്തിന് ലഭ്യമാണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

15. അപകടകരമായി നിൽക്കുന്ന മരങ്ങൾ നിയമാനുസൃതം വെട്ടിമാറ്റേണ്ടതും കൂടുതൽ ശിഖരങ്ങൾ ഉള്ള മരങ്ങളുടെ ചില്ലകൾ വെട്ടി ഒതുക്കേണ്ടതുമാണ്.

16. പ്രസ്തുത പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിനായി നഗരകാര്യ ഡയറക്ടറേറ്റിലും, പഞ്ചായത്ത് ഡയറക്ടറേറ്റിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ പ്രത്യേക ക്രമീകരണം ഏർപ്പെടുത്തേണ്ടതാണ്.

**റ്റി.കെ.ജോസ്,**
**അഡീഷണൽ ചീഫ് സെക്രട്ടറി.**

എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും ( നഗരകാര്യ ഡയറക്ടർ മുഖേന )
എല്ലാ നഗരസഭ ചെയർപേഴ്സൺമാർക്കും സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡൻറുമാർക്കും സെക്രട്ടറിമാർക്കും
(പഞ്ചായത്ത് ഡയറക്ടർ മുഖേന )

എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറുമാർക്കും സെക്രട്ടറിമാർക്കും
(ഗ്രാമവികസന കമ്മീഷണർ മുഖേന )
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡൻറുമാർക്കും സെക്രട്ടറിമാർക്കും
(പഞ്ചായത്ത് ഡയറക്ടർ മുഖേന )
എല്ലാ ജില്ലാ കളക്ടർമാർക്കും.
എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ആരോഗ്യവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
മാനേജിങ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്
അക്കൗണ്ടൻറ് ജനറൽ (എ & ഇ) (ഓഡിറ്റ്), കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ. (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ ഇന്നു തന്നെ പ്രസിദ്ധപ്പെടുത്തുന്നതിന്)
ഐ & പി.ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഓഫീസ് കോപ്പി / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-
ബഹു..മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ. യ്ക്ക്
ആരോഗ്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ. യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് (റൂറൽ ) സെക്രട്ടറിയുടെ പി.എ. യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് ( അർബൻ ) സെക്രട്ടറിയുടെ പി.എ. യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ സി.എ. യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ. യ്ക്ക്